# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 473 02.12.2014-ലെ മറുപടിക്ക്

## ധവള പത്രം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എളമരം കരീം<br>ശ്രീ. സി. രവീന്ദ്രനാഥ്<br>ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തിക്കൊണ്ട് ധവള പത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഇല്ല. |
| (ബി) | സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ; ഇതിന് ഇടയാക്കിയ വസ്തുതകൾ എന്തൊക്കെയാണ് ; | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവുംമൂലം റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധന ഉണ്ടായില്ല. ഈ സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾ മുടക്കം വരാതെ നടപ്പിലാക്കുന്നത് സാമ്പത്തിക ഞെരുക്കം ഉണ്ടാക്കാൻ കാരണമായിട്ടുണ്ട്. |
| (സി) | 2014-15 ബജറ്റ് അവതരണവേളയിൽ ഇല്ലാത്ത എന്തെല്ലാം ഘടകങ്ങളാണിപ്പോൾ വന്നുചേർന്നിട്ടുള്ളത് ; | |
| (ഡി) | ബജറ്റ് വേളയിലല്ലാതെ ഓർഡിനൻസുകളിലൂടെ അധിക നികുതി ചുമത്തുന്നുണ്ടോ ; | ഉണ്ട്. |
| (ഇ) | ബജറ്റിലൂടെയുണ്ടായിരുന്നതിനു പുറമെ ഓർഡിനൻസുകളിലൂടെ നികുതികളും സേവന നിരക്കും വർദ്ധിപ്പിച്ചത് ജനങ്ങളെ വീണ്ടും പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്നറിയാമോ ; | സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| (എഫ്) | ബജറ്റിലൂടെയുള്ള അധിക വിഭവ സമാഹരണലക്ഷ്യം എത്രയായിരുന്നു ; ഓർഡിനൻസുകൾ പുറപ്പെടുവിച്ചും എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടും ഏതെല്ലാം നികുതികൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയ ഇനങ്ങളിൽ എന്തു തുക വീതം അധികമായി സമാഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, വിശദമാക്കുമോ ? | 2014-15 ബജറ്റിലൂടെയുള്ള അധിക വിഭവസമാഹരണ ലക്ഷ്യം 1556.35 കോടി രൂപയായിരുന്നു.<br>എല്ലാ തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിന് പുറമെ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ 5% അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.<br>പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ